# little KITEs

# HIGH SCHOOL VALIYAKULAM

# DIGITAL MAGAZINE

## ഉള്ളടക്കം

ആമുഖം ....................................................2
ബഷീർ കൃതികൾ....................................................5
വഴിപോക്കൻ....................................................7
മുയലും കുറുക്കനും....................................................11
സ്വർണ്ണദ്വീപിന്റെ ഉടമ....................................................18
കാക്കക്കുഞ്ഞിന്റെ വിശപ്പ്....................................................21
നിങ്ങൾഗ്യാസ് കുറ്റികളല്ല....................................................22
കവിത....................................................23
....................................................24
....................................................24
കവിത....................................................24
തടയരുതെൻ വഴി....................................................24
കവിത....................................................26
....................................................26
ജനൽക്കമ്പിമീട്ടൽ....................................................26
പൈയുടെ കഥ....................................................28
കമ്പ്യൂട്ടറിന്റെ കഥ....................................................30
ബഷീർ ക്വിസ്....................................................32
അനശ്വരനായ രാമാനുജൻ....................................................33
നന്ദി....................................................34

# ആമുഖം

# ഹൈടെക് സ്കൂൾ

നവകേരള മിഷന്റെ കീഴിലുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലേക്കുയർത്തുന്നതിനായി 8 മുതൽ 12 വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഏകദേശം 45000 ക്ലാസ്മുറികൾ ഹൈടെക് നിലവാരത്തിലെത്തിക്കുന്നതിനുള്ള പദ്ധതിയാണ് ഹൈടെക് സ്കൂൾ. ഈ പദ്ധതി വഴി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ഓരോ ക്ലാസ്മുറിയിലും ഒരു ലാപ്ടോപ്പും മൾട്ടീമീഡിയ പ്രൊജക്ടറും വൈറ്റ് ബോർഡും ശബ്ദസംവിധാനവും വിതരണം ചെയ്യും. പ്രവർത്തനങ്ങളുടെ നിർവഹണങ്ങളുടെ ആദ്യഘട്ടം പൈലറ്റ് പദ്ധതിയായി 2016 സെപ്റ്റംബർ മുതൽ ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് നിയോജകമണ്ഡലങ്ങളിൽ നടത്തുകയുണ്ടായി. ഡിജിറ്റൽ ഇന്ററാക്ടീവ് പാഠപുസ്തകം, എല്ലാ വിഷയങ്ങളുടെയും പാഠ്യപഠനത്തിനു സഹായകമാകുന്ന ഡിജിറ്റൽ ഉള്ളടക്ക ശേഖരം, എല്ലാവർക്കും മുഴുവൻ

സമയപഠനാന്തരീക്ഷം ഉറപ്പാക്കുന്ന സമഗ്രപോർട്ടൽ, ഇ ലേണിങ്/എം ലേണിങ്/ലേണിങ് മാനേജ്മെന്റ് സംവിധാനം, മൂല്യനിർണയ സംവിധാനങ്ങൾ തുടങ്ങിയവയും ഹൈടെക് സ്കൂളിന്റെ ഭാഗമായി നടപ്പിലാക്കുന്നവയാണ്.

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ക്ലാസ്മുറികളിൽ 1 മുതൽ 12 വരെ ക്ലാസുകളിലെ പഠനത്തിനാവശ്യമായ റിസോഴ്സുകൾ ഉൾപ്പെടുത്തിക്കൊണ്ട് കൈറ്റ്, സമഗ്ര എന്ന പേരിൽ ഒരു ഇ - പോർട്ടൽ വികസിപ്പിക്കുകയുണ്ടായി. ഈ പോർട്ടലിൽ ഇ - റിസോഴ്സുകളും പാഠപുസ്തകങ്ങളും ചോദ്യ ശേഖരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ ഈ വിഭവങ്ങൾ ലഭ്യമാണ്

കൈറ്റിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പൊതുവിദ്യാലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ്വെയറും ഇലക്ട്രോണിക്സും എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ആരംഭിച്ച ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പദ്ധതിയാണ് പിന്നീട് ലിറ്റിൽ കൈറ്റ്സ് ആയി മാറിയത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.




# ബഷീർ അനുസ്മരണം

മലയാളികളുടെ പ്രിയങ്കരനായ സാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ ജന്മദിനമാണ് ജനവരി 19.

പ്രിയ കൂട്ടുകാരെ,

ഒന്നുംഒന്നുകൂട്ടിയാൽരണ്ടല്ല.ഇമ്മിണിബല്യഒന്നാണെന്ന് നമ്മളോട് പറഞ്ഞത് വൈക്കം മുഹമ്മദ് ബഷീറാണ്. ജീവിതത്തിലും എഴുത്തിലും പതിവുവഴിവിട്ട്സഞ്ചരിച്ബഷീറിന്എഴുത്തുംജീവിതവുംഒന്നുതന്നെയായിരുന്നു.

മലയാള സാഹിത്യത്തിലെ അത്ഭുതമാണ് ബഷീർ. ബഷീർ ജയിലിലെ സാഹിത്യകാരകൂടിയാണ്.സ്വാതന്ത്ര്യസമരത്തിൽപങ്കെടുത്ത് ജയിലിൽഅടയ്ക്കപ്പെട്ടബഷീർകൊല്ലംലോക്കപ്പിൽആയിരുന്നപ്പോഴാണ്

പോലീസുകാരന്റെമകൻ,ഇടിയൻപണിക്കർ, ടൈഗർ തുടങ്ങിയ കഥകൾ എഴുതിയത്. ബഷീർ സഞ്ചാരപ്രിയൻകൂടിയായിരുന്നു.ബഷീർഅലയാത്ത നാടുകൾ ഇല്ല. ചെയ്യാത്ത ജോലികളുമില്ല.

ഭൂമിയുടെഅവകാശികൾആരെല്ലാമാണ്എന്നതിനെക്കുറിച്ച്ബഷീർഉയർത്തുന്ന ചോദ്യം വർത്തമാനകാലത്തെ ഹരിത രാഷ്ട്രീയത്തിന്റെ ഭാഗമായി ചർച്ചചെയ്യപ്പെടണ.ജാതി,മത,വർഗ്ഗ,വർണ്ണചിന്തയില്ലാതെഎല്ലാവരെയും ഒന്നായി കാണുന്ന ഒരു വലിയ മനസ്സ് ബഷീറിനുണ്ട് എന്ന് തന്റെ രചനകളിൽനിന്ന് നമുക്ക് വായിച്ചെടുക്കാം.

ബഷീറിനെ അനുസ്മരിക്കുകയെന്നാൽ ബഷീറിനെ അറിയാൻ ശ്രമിക്കുക എന്നതാവണം. നമുക്കു മുന്നേ നടന്ന ആ വലിയ എഴുത്തുകാരൻ തന്റെ രചനകളിലൂടെ നമ്മളിൽ ഒരാളാകുന്നു.

## ബഷീർ കൃതികൾ

ഭാർഗവീനിലയം ,ജന്മദിനം, വിശ്വവിഖ്യാതമായ മൂക്ക്, ആനവാരിയും പൊൻകുരിശും,മരണത്തിന്റെ നിഴൽ , ശബ്ദങ്ങൾ, ഭൂമിയുടെ അവകാശികൾ,ജീവിതനിഴൽപ്പാടുകൾ , പ്രേമലേഖനം എന്നിവയാണ് അദ്ദേഹത്തിന്റെ കഥകൾ. ബാല്യകാലസഖി, മതിലുകൾ, പാത്തുമ്മയുടെ ആട് എന്നിവയാണ് അദ്ദേഹത്തിന്റെ നോവലുകൾ. ഓർമ്മയുടെ അറകളാണ് അദ്ദേഹത്തിന്റെ ആത്മകഥ. 1981- ൽ കേന്ദ്ര സാഹിത്യഅക്കാദമിപുരസ്കാരംലഭിച്ചു.

ജിസ്മ ജോമോൻ

9a


LibreOffice 5



കഥ

ആതിര അശോക്

## വഴിപോക്കൻ

പതിവുപോലെ രാമു രാവിലെ എഴുന്നേറ്റു. കതക് തുറന്നു കുടത്തിലെ തണുത്ത വെള്ളത്തിൽ മുഖം കഴുകി. പശുവിനെ തൊഴുത്തിൽ നിന്നും ഇറക്കി പറമ്പിൽ കൊണ്ട് കെട്ടി. അതിനുശേഷം, വീട്ടിലെ ജോലിയെല്ലാം ചെയ്തു. രാമുവിന്റെ വീട്ടിൽ രാമുവും അമ്മയും തന്നെയാണ്. മൂന്ന് വർഷങ്ങൾക്ക് മുമ്പ്അമ്മയുടെ വലതുവശം തളർന്നുപോയി. അതിനാൽ, വീട്ടിലെ പണികളെല്ലാം രാമുവാണ് ചെയ്യുന്നത്.രാമു പാൽ സൊസൈറ്റിയിൽ കൊണ്ട് കൊടുത്തിട്ട്തിരികെ വരുന്ന വഴിക്ക് ഒരു വഴിപോക്കനെ കണ്ടു.അയാളെ വിളിച്ചിട്ട് എഴുന്നേറ്റില്ല. രാമു അയാളെ വീട്ടിൽ കൊണ്ട് കിടത്തി. കുറച്ചുനേരം കഴിഞ്ഞപ്പോൾ അയാൾ എഴുന്നേറ്റു. അയാൾചുറ്റിലും നോക്കി.

രാമു അപ്പോഴാണ് ചായയും കൊണ്ട് വന്നത്. അയാൾചോദിച്ചു- താനാരാ? ഞാനെങ്ങനെയാ ഇവിടെ വന്നത്?രാമു പറഞ്ഞു- അത് തന്നെയാണ് എനിക്ക് തന്നോടും ചോദിക്കാനുള്ളത്. അയാൾ ഒന്നും പറഞ്ഞില്ല. തല കുനിച്ചിരിക്കുകയായിരുന്നു ചെയ്തത്. അയാൾ രാമുവിനോട് ചോദിച്ചു- കുറച്ച് വെള്ളം കിട്ടുമോ? രാമു അകത്തേക്ക് പോയി ചായയും അപ്പവും മൊട്ടക്കറിയും കൊണ്ട് അയാൾക്ക് കൊണ്ട് കൊടുത്തു. അയാളത് കഴിച്ചിട്ട് പാത്രം കഴുകി വച്ചു. രാമുവിന് അതിശയം തോന്നി.രാമു അയാളോട് ചോദിച്ചു- ഞാൻ ചോദിച്ചതിനു ഉത്തരം പറ. അയാളുടെ മുഖത്ത് വളരെ വിഷമം ഉണ്ടെന്ന് രാമുവിന് മനസ്സിലായി. അയാൾ പറഞ്ഞു- എന്റെ ഭാര്യ മരിച്ചിട്ട് മൂന്ന് വർഷമായി. ഭാര്യ മരിച്ചതിനുശേഷം മക്കൾക്ക് എന്നോടുള്ള ഇഷ്ടം

കുറഞ്ഞുവരുകയാണ്. എന്നെ ഒരു വേലക്കാരനെപ്പോലെയാണ് കാണുന്നത്. അവർക്ക് പണം കിട്ടിയപ്പോൾ എന്നെ വേണ്ട അതിനാൽ,ഞാൻ ആ വീട്ടിൽനിന്ന് ഇറങ്ങി അയാൾ അത് പറഞ്ഞപ്പോൾ വിഷമത്തോടെയാണ് പറഞ്ഞതെന്ന് രാമുവിന് മനസ്സിസലായി. രാമു അയാളോട് ചോദിച്ച നിങ്ങൾക്ക് ഇവിടെ നിൽക്കാൻ താൽപര്യമുണ്ടോ? അയാൾ ഒന്നും പറയാതെ അവിടെനിന്നും ഇറങ്ങിപ്പോയി.അപ്പോഴാണ് അകത്തുന്നിന്നും അമ്മയുടെ വിളി വന്നത്. അമ്മ ചോദിച്ച- അയാൾ പോയോ? രാമു പറഞ്ഞു - അയാൾ പോയി. അമ്മ ചോദിച്ച - എന്താ നിന്റെ മുഖത്തൊരു വിഷമം? രാമു അയാൾ പറഞ്ഞതെല്ലാം അമ്മയോട് പറഞ്ഞു. എന്നിട്ട്, അമ്മ പറഞ്ഞു - കഷ്ടപ്പെട്ട് അച്ഛനമ്മമാർ മക്കളെ വളർത്തും. പിന്നെ, അവരെ പഠിപ്പിച്ച് , നല്ലൊരു ജോലിയും കിട്ടികഴിഞ്ഞ് ഒരു കല്ല്യാണവും കഴിച്ചാൽ അവർക്ക് അച്ഛനമ്മമാരെ വേണ്ട. രാമു പറഞ്ഞു ഞാൻ എന്റെ അമ്മയെ നോക്കും. അതിന് ഒരു സംശയവും വേണ്ട.

കൂട്ടുകാരെ,


"നമ്മൾ നമ്മുടെ അച്ഛനമ്മമാരെ ബഹുമാനിക്കണം. എന്നാലെ, നമ്മുടെ ജീവിതത്തിൽ ഉയർച്ചയുണ്ടാകൂ. "

# വൈക്കം മുഹമ്മദ് ബഷീർ

## -ജീവചരിത്രം

1908 ജനുവരി 19 ന് വൈക്കം താലൂക്കിൽ തലയോലപ്പറമ്പിൽ ജനിച്ചു. തലയോലപ്പറമ്പിലുള്ള മലയാളം സ്കൂളിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും പഠിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ചേർന്ന് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കോഴിക്കോട്ടു നടന്ന ഉപ്പുസത്യാഗ്രഹത്തിൽ പങ്കുകൊണ്ടു. അതിന്റെ പേരിൽ മ്ദ്ദനത്തിനിരയാകുകയും ജയിൽശിക്ഷ അനുഭവിക്കുകയും ചെയ്തു. പത്തു വർഷത്തോളം ഇന്ത്യയൊട്ടാകെ സഞ്ചരിച്ചു. പിന്നീട് ആഫ്രിക്ക, അറേബ്യ തുടങ്ങിയ രാജ്യങ്ങളിലും. ബാല്യകാലസഖി, പാത്തുമ്മയുടെ ആട്,ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് എന്നീ കൃതികൾ ഇന്ത്യയിലെ പ്രധാന ഭാഷകളിലെല്ലാം തർജ്ജമ്മ ചെയ്ത് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മതിലുകൾ, ശബ്ദങ്ങൾ, പ്രേമലേഖനം എന്നീകൃതികളും പൂവൻപഴം ഉൾപ്പെടെ 16 കഥകളുടെ ഒരു സമാഹാരവും ഓറിയന്റ് ലോങ്മാൻ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചു. സാഹിത്യ്ക്കാദമിയുടെയും കേരള സാഹിത്യഅക്കാദമിയുടെയും ഫെലോഷിപ്പ് ലഭിച്ചിട്ടുണ്ട്. ഇന്ത്യാഗവൺമെന്റ് പദ്മശ്രീ നൽകി ആദരിച്ചു. 1994 ജൂലൈ 5 ന് നിര്യാതനായി.


ലക്ഷ്മി അജികുമാർ



അഭിജിത്ത് അജയൻ,9A

കഥ
സൗമ്യ കെ സ്

# മുയലും കുറുക്കനും



ചിക്കു മുയൽ മാളത്തിൽ നിന്നും പുറത്തിറങ്ങി.ആഹാരം തേടി മുന്നോട്ടു നടന്നു ചെന്നുപെട്ടത് സൂത്രക്കുറുക്കന്റെ മുന്നിലാണ്.ചിക്കുമുൽ ഒന്നുഭയന്നു.രക്ഷപ്പെടുവാൻ

ഒരുമാർഗവുംചിക്കുമുയൽ കണ്ടില്ല .ഭയന്നു വിറച്ച ചിക്കുമുയൽ തിരിച്ച്ഓടാൻ തീരുമാനിച്ചു.സർവശക്തിയും ഉപയോഗിച്ച്തിരിച്ചോടി കിട്ടിയ അവസരവും പാഴാക്കാതെ പിറകെ സൂത്രക്കുറുക്കനും.പ്രാണനും കൊണ്ടു ഓടിയ ചിക്കു എത്തിപ്പെട്ടത്ഒരുഗുഹാമുഖത്താണ്.അത് സിംഹത്താന്റെ വാസസ്ഥലമാണെന്ന്ചിക്കുവിന് അറിയില്ലായിരുന്നു.ചിക്കുപെട്ടെന്ന് ഗുഹക്കകത്തുകയറി.ചിക്കുവിന്റെ പിറകെ എത്തിയ സൂത്രക്കുറുക്കൻ ഗുഹാമുഖത്ത് തിരിഞ്ഞുനിന്നു.സിംഹരാജൻ ഗുഹയ്ക്കുള്ളിലുണ്ടന്ന്സൂത്രക്കുറുക്കൻ ഊഹിച്ചു.ഗുഹക്കകത്ത് കയറി ചിക്കു ചുററിം നോക്കി.അത് ഒരു സിംഹഗുഹയാണെന്ന് അപ്പോഴാണ് ചിക്കുവിന് മനസിലായത് .തന്റെ കഥ കഴിഞ്ഞതു തന്നെ.ആധിപൂണ്ട ചിക്കു ചുറ്റുംനോക്കി .ഭാഗ്യം സിംഹം ഗുഹക്കകത്തില്ലായിരുന്നു.ചിക്കുവിന് സമാധാനമായി.സൂത്രക്കുറുക്കൻ ഗുഹയ്ക്ക്പുറത്തുണ്ടെന്ന് ചിക്കു മനസിലാക്കി.സിംഹ ഗുഹ അയതുകൊണ്ടാണ് സൂത്രകുറുക്കൻ അകത്ത്കയറാതിരുന്ന്.ഇനി രക്ഷപ്പെടാൻഎന്താ ഒരു വഴി.ചിക്കു ചുറ്റും നോക്കി.അപ്പോഴാണ് ചിക്കു ഗുഹക്കകത്ത് ഒരു ഭാഗത്ത് കുറച്ച് എല്ലിൻ കഷണങ്ങൾ കിടക്കുന്നത്.കണ്ടത് .സിംഹം ഏതോ മൃഗത്തെ ഭക്ഷണമക്കിയതിന്റെ അവശിഷ്ടം.ചിക്കുവിന് പെട്ടന്ന് ഒരു ബുദ്ധി തൊന്നി.ചിക്കുസൂത്രക്കുറുക്കൻ പുറത്ത് ഉണ്ടോയെന്ന് ഗുഹക്കകത്തു നിന്നുംഒളിഞ്ഞു നോക്കി.സൂത്രക്കുറുക്കൻ പുറത്തുതന്നെ ഉണ്ടായിരുന്നു.പെട്ടന്നു ചിക്കു ഓരോ എല്ലിൻ കഷണങ്ങളും ഗുഹക്ക

പുറത്തേക്ക്വലിച്ചെറിയാൻ തുടങ്ങി.സൂത്രകുറുക്കൻ അതുകണ്ടുഞെട്ടി വിറച്ചു.ഇത്രപെട്ടന്ന് സിംഹം ചിക്കുവിനെ ഭക്ഷണമാക്കിയൊ? അതിന്റെഎല്ലിൻ കഷണങ്ങളാണല്ലോ പുറത്ത് വന്ന് വീഴുന്നത് .ഇനി ഇവിടെ നിന്നാൽ തന്റെ കഥ കഴിഞ്ഞത് തന്നെ.സൂത്രകുറുക്കൻ ജീവനും കൊണ്ടു ഓടിമറഞ്ഞു.ചിക്കു പതുക്കെ പുറത്തേക്കു നോക്കി.ഭാഗ്യം സൂത്രക്കുറുക്കൻ ഓടിമറഞ്ഞു.സമാധാനത്തോടെചിക്കു ഗുഹയിൽനിന്നും പുറത്തേക്ക് ഇറങ്ങി ഓടി .അതൊരു

മരണഓട്ടമായിരുന്നു.അങ്ങനെ ചിക്കു തന്റെ ബുദ്ധി കൊണ്ട് രക്ഷപ്പെട്ടു

കഥ

അഭിജിത്ത് S

# പാമ്പ് ഒരു ഭയങ്കരൻ തന്നെ

ഒരിടത്ത് ഒരിടത്ത് ഒരു കാട്ടിൽ ഒരു പാമ്പും കുറച്ച് മൃഗങ്ങളും ഉണ്ടായിരുന്നു ആ മൃഗങ്ങൾക്ക് ഈപാമ്പിനെ കാണുന്നത് ഇഷ്ട്ട മല്ലായിരുന്നു .എന്നാൽഈ പാമ്പിന് ഇവരെല്ലാം നല്ല കൂട്ടുകാരായിരുന്നു.അങ്ങനെയിരിക്കെ ഒരു ദിവസ്സം കാട്ടിലെ മൃഗങ്ങളെല്ലാം കൂടെ പാമ്പിനെ കൊല്ലാനുള്ള പരിപാടി ആവിഷ്കരിച്ചു .അതിനുള്ള ഒരുക്കത്തിലായിരുന്നു അവർ . ഭാഗ്യവശാൽ അവരുടെ തന്ത്രങ്ങളെല്ലാം ഒരു മുയൽ കാരണം പാമ്പ് അറിഞ്ഞു മുയൽ കാരണം പാമ്പ് അവരുടെ കെണിയിൽനിന്നുരക്ഷപെട്ടു പിന്നെ അവർ പാമ്പിനെ കെണിവെച്ചു വീഴ്ത്താൻ ശ്രമിച്ചിട്ടില്ല അവരുടെ കെണിയിൽ പാമ്പ് വീണിട്ടുമില്ല.



# കാന്തീനെ തൊട്ട ബഷീർ

ബഷീറിന്റെകുട്ടിക്കാലത്താണ്ഇന്ത്യൻസ്വാതന്ത്ര്യസമരംസജീവമായിരുന്നു. നാട്ടിൻപ്പുറത്തെ ചായക്കടകളിലും മറ്റും സ്വാതന്ത്ര്യ സമരം പ്രധാന ചർച്ചയായിരുന്നു.പത്രങ്ങളിലുംസമരവാർത്തകൾനിറഞ്ഞുനിന്നുഇവയെല്ലാംകണ്ടുംകേട്ടുംഅറിഞ്ഞബഷീറിന്റെകുഞ്ഞുമനസ്സുംസ്വാതന്ത്ര്യസമരരംഗങ്ങളിലേക്ക്യാത്രചെയ്തു.വാർത്തകളിൽനിറഞ്ഞുനിന്നമഹാത്മാജിബഷീറിന്റെആരാധനപാത്രവുമായിബഷീർവൈക്കംസ്കൂളിൽപഠിക്കുന്നകാലത്താണ് വൈക്കം സത്യാഗ്രഹം നടന്നത്. ഈ ചടങ്ങിൽപങ്കെടുക്കാനെത്തിയ ഗാന്ധിജിയെ  നേരിൽ കാണാനും തൊടുവാനും കഴിഞ്ഞത് ബഷീറിന്റെ ജീവിതത്തിലെ  അഭിമാന മുഹൂർത്തമായിരുന്നു.


" ഉമ്മാ, ഞാൻ കാന്തീനെ തൊട്ടു". എന്നാണ് ബഷീർ വിളിച്ച് പറഞ്ഞത്. പിൽക്കാലത്ത്ബഷീറിന്റെരചനകളിലൂടെനാംഅദ്ദേഹത്തെഅടുത്തറിയുമ്പോൾഈഗാന്ധിസ്പർശംകേവലംബാഹ്യതലത്തിൽമാത്രമായിരുന്നില്ല എന്നു കാണാൻ കഴിയും. കഴിയും.

***ചരമക്കുറിപ്പ് എഴുതിയ  ബഷീർ***

"സുന്ദരമായ ഈ ഭൂഗോളത്തിൽ എനിക്ക് അനുവദിച്ച് തന്ന സമയം പരിപൂർണ്ണമായി അവസാനിച്ചു".... എന്നു തുടങ്ങുന്ന തന്റെ ചരമക്കുറിപ്പ് നേരത്തെ തയ്യാറാക്കി ബഷീർ എഴുത്തുകാരിൽ വ്യത്യസ്തനാകുന്നു.

അബിയ

9a




## സ്വർണ്ണദ്വീപിന്റെ ഉടമ

ദൈവമേ, എനിക്ക് എത്രയെടുത്താലും തീരാത്ത സമ്പത്ത് തരേണമേ മീൻ പിടിത്തക്കാരനായദീനു കടലിൽ പോയി.കാറ്റും മഴയുമുള്ള ദിവസം ആയിരുന്നു അത്.പെട്ടെന്ന് വലിയൊരു കാറ്റു വന്ന്ദീനുവിന്റെ തോണി കീഴ് മേൽമറിച്ചു.കണ്ണു തുറക്കു-മ്പോൾദീനുഒരുദ്വീപിലാണ്.ചുറ്റുംനോക്കിയ അയാൾതുള്ളിച്ചാടിആദ്വീപിൽനിറയെസ്വർണ്ണനിറമാണ്.മണൽതരികൾ പോലും സ്വർണ്ണം.മരങ്ങളിലെല്ലാം മുത്തും പവിഴവും . ദൈവമേ എന്റെ പ്രാർഥനകേട്ടല്ലൊ.കടലിൽവീണഞാൻഎത്തിപ്പെട്ടത്ഈസ്വർണദ്വീപിലാല്ലോ.ഇനി ഞാൻ തന്നെലോകത്തിലെ എറ്റവും വലിയ സമ്പന്നൻ.ദീനു ആഹ്ലാദത്തോടെആദ്വീപുമുഴുവൻചുറ്റികറങ്ങി.സമയംകടന്നുപോയിവെയിലിന് ചൂടുകൂടി.ദീനുവിന് നല്ലദാഹവും വിശപ്പും തോന്നി.പക്ഷേആദ്വീപിൽ കഴിക്കാനോകുടിക്കാനോഒന്നുമില്ലായിരുന്ന.മരങ്ങളിലോക്കെസ്വർണ്ണപ്പഴങ്ങൾമാത്രംഎവിടെഒരുതുള്ളിവെള്ളംപോലുമില്ല.ദീനുആകെതളർന്നുഒരിറ്റു വെള്ളത്തിനുവേണ്ടിഅയാഅവിമാകെഅലഞ്ഞുപക്ഷെഒന്നുംകിട്ടിയില്ല.ഒടുവിൽ അയാൾകുഴഞ്ഞുവിണു.ദൈവമേഎനിക്ക്ഇതോന്നുവേണ്ടഇവിടുന്ന് രക്ഷപ്പെട്ടാൽ മതി.ദീനു പ്രാർഥിക്കാൻ തുടങ്ങി.പെട്ടെന്ന് ഒരു വലിയ പക്ഷി പറന്നുവന്നു. ദീനു അതിന്റെ കാലിൽതൂങ്ങിക്കിടന്നു.പക്ഷിദ്വീപിൽ നിന്നും പറന്നുയർന്നു. സ്വന്തം ഗ്രാമത്തിൽ തിരിച്ചെത്തിയ ദീനു ഓടി വീട്ടിൽഎത്തിഅയാൾആർത്തിയോടെവെള്ളംകുടിച്ചുഭാര്യഉണ്ടാക്കിവെച്ചിരുന്നഭക്ഷണംകഴിച്ചു.ക്ഷീണംമാറിയപ്പോൾദീനുകണ്ണുകളടച്ച്പ്രാർഥിച്ചു, ദൈവമേ

,അന്നന്നത്തേവിശപ്പുമാറ്റാൻകിട്ടുന്നഈആഹാരംതന്നെയാണ്എനിക്ക് വലുത്എനിക്ക് മറ്റൊന്നും വേണ്ട..........

അന്നന്നത്തേവിശപ്പുമാറ്റാൻകിട്ടുന്നഈആഹാരംതന്നെയാണ്എനിക്ക് വലുത്എനിക്ക് മറ്റൊന്നും വേണ്ട..........




**കഥ**

ജിസ്സ ജോമോൻ

## *കാക്കക്കുഞ്ഞിന്റെ വിശപ്പ്*

ഒരു വീട്ടിൽ ഒരു കോഴിയും കുഞ്ഞുങ്ങളും താമസിച്ചിരുന്നു. തൊട്ടടുത്തുള്ള ഒരു മരത്തിൽ ഒരു കാക്കയും കുഞ്ഞും താമസിച്ചിരുന്നു. കാക്ക കുഞ്ഞും കോഴി കുഞ്ഞും വളരെ സ്നേഹത്തോടെ കൂടിയാണ്കഴിയുന്നത് കോഴിക്ക്അവരോട്സനേഹമില്ലായിരുന്നു . ഒരു ദിവസം കാക്ക ആഹാരം തേടിപോയി . ഒന്നും കാക്കയ്ക്ക് കിട്ടാത്തതു കൊണ്ട് കാക്ക തിരികെ വന്നു . ഒന്നും കിട്ടിയില്ലാ എന്നറിഞ്ഞ് കോഴി തന്റെ മക്കളെ വിളിച്ച് കൂട്ടിൽ കയറ്റി ഭക്ഷണം നൽകി . കാക്ക കുഞ്ഞ് വിശന്നുകരയുകയായിരുന്നു . കാക്ക കോഴിയുടെ അടുക്കൽ ചെന്ന് കതകിൽ മുട്ടി വിളിച്ചു . തന്റെ കുഞ്ഞിനുടെ ഭക്ഷണം കൊടുക്കാ-മോ എന്ന് കാക്ക ചോദിച്ചു . മറുപടി ഒന്നും കിട്ടാത്തതു കൊണ്ട് അവർ അവിടെ നിന്നും പോയി . പിറ്റേ ദിവസം കാക്ക കുഞ്ഞിനെ കോഴിയുടെ അടുത്താക്കി പറന്നു പോയി . ഭക്ഷണവുമായി തിരികെ വന്നു . അപ്പോൾ തന്റെ കുഞ്ഞ് ചത്തു കിടക്കുകയായി-രുന്നു . അടുത്തുള്ള മരത്തിൽ താമസിക്കുന്ന കുയിലമ്മ കാക്ക -കുഞ്ഞിനെ കൊന്നത് കോഴിയാണെന്ന് കാക്കയോടു പറഞ്ഞു. കാക്ക കോപം കൊണ്ട് വിറച്ചു . കാക്ക കോഴിയോട് വിളിച്ചു പറഞ്ഞു . എന്റെ കുഞ്ഞിനെ കൊന്നതു പോലെ നിന്റെ കുഞ്ഞിനെയും ഞാൻ കൊന്നൊടുക്കും . അന്നു മുതലാണ് കാക്കകൾക്ക് കോഴികളോട് വൈരാഗ്യം ഉണ്ടായത് .



**നിങ്ങൾഗ്യാസ് കുറ്റികളല്ല**


കുട്ടികളോട് ബഷീർ പറയുന്നതിങ്ങനെ;

കണ്ടവർ പറയുന്നതൊക്കെ, വ്യത്തികേടുകളൊക്കെ നാശത്തിന്റെ മുദ്രാവാക്യങ്ങളൊക്കെ നിറയ്ക്കാനുള്ള ഗ്യാസ് കുറ്റികളല്ല നിങ്ങളുടതലകൾ. തലകളുടെഅകവുംശുദ്ധമാക്കുകചിന്തിക്കുകപ്രവർത്തിക്കുകനല്ലതനന്മയാവട്ടെ നിങ്ങളുടെ മുദ്രവാക്യം

ലാൽസലാം

അഭിജിത്ത് എസ്

9a



# ഉണ്ട്

**കവിത**

അരവിന്ദ്

നാം കണ്ടിട്ടുണ്ട്

വറ്റിയ നിദ്രകൾ
മുറച്ച്വ നീന്തിയ കാലത്ത്

നാം തൊട്ടിട്ടുണ്ട്
രക്തത്തിലേക്ക് പുറപ്പെട്ട
നിശ്ശബ്ദതയുടെ
ഇടവഴിയിൽ വച്ച്

ഒരിക്കൽ നീയന്റെ
മുറ്റത്തോളം വന്നിട്ടുണ്ട്.
മറവിയുടെ ചരിവിലുള്ള
ചില്ലക്ഷരങ്ങൾ കൊണ്ടു തീർത്ത
ഒറ്റമുറിയുള്ള, കവിതയുടെ

**കവിത**

അരുൺജിത്ത്,9A

# *തടയരുതെൻ വഴി*

തടയരുതെൻ വഴി...

കാറ്റ് പറഞ്ഞു

തടയരുതെൻതിരാ...

കടല് പറഞ്ഞു

തടയരുതെൻ ഗതി...

പുഴകൾ പറഞ്ഞു

ഇലയും മലരും

കേണു പറഞ്ഞു

മലകൾ പറഞ്ഞു

ശിലകൾ പറഞ്ഞു

ഹൃദയം കുത്തി-

മുറിക്കരുതാരും

പകരം വയ്ക്കാ-

നില്ലാത്തതിനാൽ
പ്രാണൻ തൊട്ടു
കളിക്കരുതാരും.....

കവിത

ശരൺ കുമാർ 9A

# ജനൽക്കമ്പിമീട്ടൽ

കണ്ണെറിഞ്ഞു-
വിളിച്ചവൻ പെണ്ണിനെ
പ്രണയമുദ്രയിൽ-
പൂത്തുപോയ്, പിന്നവൾ
വീട്ടിലെ-
ജനൽപാളിയിൽ
കാറ്റുപോൽ
തൊട്ടുനിൽക്കുന്നു
മർമ്മരം പോലവൻ.

പെണ്ണിനുള്ളിൽ
പൂചൂടിടും പുഴ
മിന്നലുള്ള
മിഴിച്ചിരി വള്ളികൾ

ഉള്ളിലേക്കു ക്ഷണിക്കണോ
ഇന്നലെ
കണ്ടമാത്ര-
തൊട്ടത്തൊരാകർഷണം.

ദാഹിക്കുന്നു



വാതിൽ തുറക്കുക
മോഹനം കുളിർ-
തണ്ണീരു നൽകുക.


വേണ്ട, ഓടുന്ന തീവണ്ടി
വേറൊരു
പെണ്ണുവീണു
മരിച്ച ജലാംശയം
ഇല്ല വാതിൽ തുറക്കില്ല
വാർത്തയിൽ
നഗ്നമായിക്കിടക്കു
വാനില്ല ഞാൻ

തേറ്റയാലെ
മൃഗം ജനൽക്കമ്പിമേൽ
മീട്ടിനിൽക്കുന്നു
തോറ്റുപോകാതവൾ
ഒറ്റയാനായ് മടങ്ങുന്നു
മറ്റൊരു, വീട്ടിലെ
ജനൽ കമ്പികൾ
മീട്ടുവാൻ.

## പൈയുടെ കഥ

ഒരു വൃത്തത്തിന്റെ പരിധിയും വ്യാസവും തമ്മിലുള്ള  അംശബന്ധം ഒരു സ്ഥിരസംഖ്യഅളണെന്ന്സഹസ്രാബ്ദങ്ങൾക്കുമുമ്പ്തന്നഅറിയാമായിരുന്നു. പക്ഷെ അതിന് പേര് ലഭിച്ചത് പതിനേഴാം നൂറ്റാണ്ടിലാണ്.പൈക്ക് ആ പേര് നൽകിയത് വില്യം ഔട്രഡ് ആണ് . 1650 ൽ പൈ എന്ന അക്ഷരംഒരുവൃത്തത്തിന്റെചുറ്റളവിനെസൂചിപ്പിക്കാനാണ്ഉപയോഗിച്ചത്.

ജാസി , ജിസ്മ




9A

# കുളം വെട്ടിക്കൽ

മഴക്കാലത്ത് കുളത്തിലേക്ക് ഒഴുകുന്ന മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് വർഷം തോറും പതിവായിരുന്നു.വെള്ളം ഏറ്റവും കുറവുള്ള കുംഭം മീനം മാസങ്ങളിലാണ് കുളം വെട്ടിക്കുക. സ്വാത്മനായുള്ള പ്രവൃത്തിയായാണ് പലപ്പോഴും കുളം വെട്ട് നടത്തിയിരുന്നത് ഇതിന്റെ ഭാഗമായി ഇതിൽ പങ്കെടുക്കുന്ന എല്ലാവർക്കും വിട്ടുകാർ സദ്യ നൽകുന്ന പതിവുണ്ടായിരുന്നു 'കുളവെട്ട് സദ്യ 'എന്ന് അറിയപ്പെട്ടുന്നു ഈ കുളങ്ങളിൽ വയൽകാരി,കണ്ണമുട്ടി ,ആരൽ ,മുഷി തുടങ്ങിയ നാടൻ മത്സ്യങ്ങളെയും വളർത്തിരുന്നു. കുളിക്കാൻ

# ഉപയോഗിക്കുന്ന കുളങ്ങൾ പടവുകൾ കെട്ടിയും കുളിപ്പടവുകൾ കെട്ടിയും വളരെ വൃത്തിയോടയാണ് പരിപാലിച്ച് പ്പോകുന്നത്

അരുൺ ശ്രീരാജ്
9A

## പൊതു വിജ്ഞാനം

1.ഏഷ്യയെയും യൂറോപ്പിനേയും വേർതിരിക്കുന്ന കടലിടുക്ക് ഏതാണ് ?
ബോസ്ഫോറസ്

2.മാച്ചുപിച്ചു എന്ന ലോകാദ്ഭുതം സ്ഥിതിചെയ്യുന്നത് ഏത് രാജ്യത്താണ് ?
പെറു

3.പ്രഥമ യൂത്ത് ഒളിമ്പ്ക്സിന് ആതിഥ്യം വഹിച്ച രാജ്യം ഏതാണ്?

സിംഗപ്പൂർ

4.പ്രസിദ്ധമായ 'ഉത്കൽ' സർവ്വകലാശാല ഏതു സംസ്ഥാനത്താണ് സ്ഥിതിചെയ്യുന്നത് ?

ഒഡീഷ

5.ഗ്രാമി പുരസ്കാരം നേടിയ ആദ്യ ഇന്ത്യക്കാരൻ ആരാണ് ?

സക്കിർ ഹുസൈൻ

6.നാസ് എയർവേസ് ഏതുരാജ്യത്തെ വിമാന കമ്പനിയാണ് ?

സൗദി അറേബ്യ

7.1977-79 കാലത്ത് നിർത്തലാക്കിയ ഭാരത രത്ന ബഹുമതി പുനരാരംഭിച്ച ഭരണാധികാരി ആരാണ് ?

ഇന്ദിരഗാന്ധി

## കമ്പ്യൂട്ടറിന്റെ കഥ

ആധുനിക ലോകത്ത് ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്നൊരു അത്ഭുതയന്ത്രമാണ് കമ്പ്യൂട്ടർ. ആധുനിക മനുഷ്യന്റെ മിക്കവാറും എല്ലാ ജീവികമേഖലകളിലും കമ്പ്യുട്ടർ ആധിപത്യം സ്ഥാപിച്ചുകഴിഞ്ഞു. എന്നുമാത്രമല്ല അനുദിനം ഇതിന്റെ സ്വാധീനം വർധിച്ചുവരികയുമാണ്.

ബുദ്ധിയുള്ള യന്ത്രമെന്നുപോലും വിശേഷിക്കപ്പെടാവുന്ന കമ്പ്യൂട്ടർ ഗണിതശാസ്ത്രത്തിന്റെ സംഭാവനയാണ്. കണക്ക് കൂട്ടാനുള്ള യന്ത്രങ്ങൾ വികസിപ്പിച്ചാണ് കമ്പ്യൂട്ടറിൽ എത്തിച്ചേർന്നത്. മാത്രമല്ല 0, 1 എന്നീ അക്കങ്ങൾ മാത്രം ഉപയോഗിക്കുന്ന "ദ്വയാംഗ"സമ്പ്രദായമാണ് കമ്പ്യൂട്ടറിൽ ഉപയോഗിക്കുന്നത്.

മനുഷ്യന് സംഖ്യാബോധം ഉണ്ടായതുമുതൽ കണക്കുകൂട്ടാൻ ആരംഭിച്ചുഎന്നുപറയാം.കണക്കുകൂട്ടാൻമനുഷ്യൻആദ്യമായിഉപയോഗിച്ചത് വിരലുകൾ തന്നെ. വിരൽ എന്നർത്ഥമുള്ള digit എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് അക്കം എന്നർത്ഥമുള്ള പദം ഉണ്ടായത്. ഒരു ഉപകരണമെന്ന നിലയിൽ മനുഷ്യൻ കണക്ക്കൂട്ടാൻ ആദ്യമായി ഉപയോഗിച്ചത് മണിച്ചട്ടം ആണ്.

ആതിര ,ലക്ഷ്മി
9a

# ബഷീർ ക്വിസ്

1. ബഷീർ ചോദോത്തരരൂപത്തിൽ എഴുതിയ കൃതി ഏത്?

നേരും നുണയും

2. ആകാശമിഠായി കഥാപാത്രമാകുന്ന ബഷീറിന്റെ നോവൽ?

പ്രേമലേഖനം

3. പെണ്ണുങ്ങളുടെ ബുദ്ധി എന്നുകൂടി പേരുള്ള ബഷീർ കൃതി

പാത്തുമ്മയുടെ ആട്

4.വായിച്ചേ തീരൂ എന്ന് തീർത്ത് പറയേണ്ടുന്ന ഒരു സമാഹാരമെന്ന് സീ. ജെ തോമസ് വിശേഷിപ്പിച്ച ബഷീർ കൃതി ?

വിഡ്ഢികളുടെ സ്വർഗം

5. ഉജ്ജീവനം പത്രത്തിൽ സ്വാതന്ത്ര്യ -സമര ലേഖനങ്ങൾ എഴുതാൻ ബഷീർ സ്വീകരിച്ച തൂലികാനാമം ഏത?

പ്രഭ

6. ബഷീർ രചിച്ച ബാല – സാഹിത്യ കൃതി ഏത് ?

സർപ്പയജ്ഞം

7. ബഷീർ ഏകാന്തവീഥിയിലെ അവദൂതൻ എന്ന ജീവചരിത്ര കൃതി രചിച്ചതാര്?

എം.കെ സാനു

## അനശ്വരനായ രാമാനുജൻ

ശ്രീനിവാസ രാമാനുജന്റെ 75-ാം ജന്മവാർഷികം 1962-ൽ ഇന്ത്യയിലെങ്ങും കൊണ്ടാടപ്പെട്ടു. ഭാരത ഗവൺമെന്റ് ആ വർഷം അദ്ദേഹത്തിന്റെ സ്മരണാർഥം ഒരു തപാൽ സ്റ്റാമ്പ് പുറത്തിറക്കുകയുണ്ടായി. ചെന്നൈ നഗരത്തിൽ രാമാനുജന്റെ പേരിൽ വളരെ ചെറിയ ഒരു മ്യൂസിയം പ്രവർത്തിക്കുന്നുണ്ട്. അവിടുത്തെ സന്ദർശകർ പ്രധാനമായും സ്കൂൾ വിദ്യാർഥികളാണ്. 1993-ൽ പി. കെ. ശ്രീനിവാസൻ എന്നൊരു ഗണിത ശാസ്ത്രാധ്യാപകൻ മുൻകൈ എടുത്താണ് ഇതു സ്ഥാപിച്ചത്. വർഷങ്ങളോളം നീണ്ട തിരച്ചിലുകളുടെ ഫലമായാണ് അദ്ദേഹം മ്യൂസിയത്തിന് ആവശ്യമായ രേഖകളും ചിത്രങ്ങളും ശേഖരിച്ചത്. ഇതിനുപുറമെ രാമാനുജന്റെ നോട്ടുപുസ്തകത്തിലെ പ്രസക്തമായ ഭാഗങ്ങൾ വലിയ പോസ്റ്ററുകളുടെ രൂപത്തിലാക്കി ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. രാമാനുജൻ 1914-ൽ ഇംഗ്ലണ്ടിലേക്കു പോകുമ്പോൾ ഉപയോഗിച്ച പാസ്പോർട്ടും ഇവിടെ കാണാം. അങ്ങനെ, അനന്തതയിലേക്കും നടന്നു മറഞ്ഞ ആ മഹാപ്രതിഭ അനശ്വരനായി ഇവിടെ നിലനിൽക്കും.

ലക്ഷ്മി അജികുമാർ

9A

# നന്ദി..■■■

വലിയകുളം ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഡിജിറ്റൽ മാഗസിൻ കൈത്തിരി പൂർത്തിയാക്കാൻ ഞങ്ങളോട് സഹകരിച്ച എല്ലാവർക്കും ഞങ്ങളുടെ നന്ദി....